# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ക്രമസമാധാന പരിപാലനത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം

3612 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന പരിപാലനത്തിന് സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ക്രമസമാധാനപാലനം സംബന്ധിച്ച വിലയിരുത്തൽ ആരാണ് നടത്തിയത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിലെ ഡിജിറ്റൈസേഷൻ സംവിധാനം</u>

3613 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൈസ്ഡ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്;

(ഇ) എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ജനമൈത്രി പോലീസ്</u>

3614

ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ മതിയായ ബീറ്റ് ഓഫീസർമാർ ഇല്ലാത്തതു മൂലം ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

## ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം

3615 ശ്രീ. വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന് കീഴിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് ഇത് എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ജില്ലകളിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) എല്ലാ ജില്ലകളിലും സിസ്റ്റം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി</u>

3616 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ഇതിനായി പ്രത്യേകം പരിശീലനം ലഭിച്ച യൂണിറ്റുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

ഐ. ടി. കേന്ദ്രങ്ങളിലെ യുവതികൾക്കെതിരെയുള്ള സാമൂഹ്യവിരുദ്ധ അക്രമങ്ങൾ

3617 ശ്രീ. എളമരം കരീം
,, എ. പ്രദീപ്കുമാർ
,, ബാബു എം. പാലിശ്ശേരി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ഐ. ടി. കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന യുവതികൾ സാമൂഹ്യവിരുദ്ധരാൽ ആക്രമിക്കപ്പെടുന്നതും ഭീതിയിലായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ. ടി. പാർക്കുകളോടനുബന്ധമായ സ്ഥലങ്ങളിൽ ഐ.ടി. പ്രൊഫഷണലുകൾക്ക് ഭീഷണി ഉണ്ടാകാതിരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ ;

(സി) കാക്കനാട് ഇൻഫോ പാർക്കിലെ ഐ.ടി. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഉത്തരേന്ത്യക്കാരി താമസസ്ഥലത്തേക്ക് വരുമ്പോൾ ആക്രമണത്തിനിരയായ സംഭവത്തിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ സേവനാവകാശ നിയമം</u>

3618 ശ്രീ. സണ്ണി ജോസഫ്
'' ഐ. സി. ബാലകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത നിയമം വഴി ലഭ്യമാകുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് വേണ്ടത്ര പ്രചാരണം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്തനിവാരണ സേന</u>

3619 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്തനിവാരണ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം ആധുനിക പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

### പോലീസ് സേനയെ ശക്തിപ്പെടുത്തൽ

3620 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ശക്തിപ്പെടുത്താനും നവീകരിക്കാനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) രാത്രികാല പട്രോളിംഗ് ഉൾപ്പെടെ പോലീസിന്റെ സേവനം ശക്തമാക്കുന്നതിനും അവരുടെ ജോലിഭാരത്തിന് അനുസരിച്ച് അർഹമായ സൗകര്യങ്ങൾ നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം

3621 ശ്രീ. ജോസഫ് വാഴക്കൻ
'' എ. റ്റി. ജോർജ്
'' എം. പി. വിൻസെന്റ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം ആധുനിക രീതിയിലുള്ള പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

എ. ടി. എം. കൗണ്ടറുകളുടെ സുരക്ഷയ്ക്ക് നടപടി

3622 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. ടി. എം. കൗണ്ടറുകളുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ. ടി. എം. കൗണ്ടറുകളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിന് ആഭ്യന്തരവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് കാവൽക്കാരില്ലാത്ത എ. ടി. എം കൗണ്ടറുകളുടെ സുരക്ഷയുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>ഐ. ആർ. ബി റഗുലർ, കമാൻഡോ വിഭാഗങ്ങളുടെ വേതന വ്യത്യാസം പരിഹരിക്കാൻ നടപടി</u>

3623 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ പുതുതായി രൂപം കൊണ്ട ഇന്ത്യൻ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗിനും കമാൻഡോ വിംഗിനും ട്രെയിനിംഗിലും സർവ്വീസിലുമുള്ള പ്രധാന വ്യത്യാസം വിശദമാക്കുമോ;

(ബി) റഗുലർ, കമാൻഡോ വിഭാഗങ്ങൾ ഒരേ നോട്ടിഫിക്കേഷൻ പ്രകാരം ജോലിയിൽ പ്രവേശിച്ചവരും ഒരേ പോലെ 18 മാസത്തെ ട്രെയിനിംഗ് നേടിയവരുമായിട്ടും രണ്ട് തരം അലവൻസുകളും വേതന വ്യത്യാസവും നിലവിലിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭീകരാക്രമണം, തീവ്രവാദി ഭീഷണി, വർഗീയ സംഘർഷം, വി. ഐ. പി. സംരക്ഷണം എന്നിവയ്ക്ക് ഐ. ആർ.ബി. റഗുലർ വിഭാഗക്കാരെ അന്യസംസ്ഥാനങ്ങളിൽ വിന്യസിക്കുമ്പോൾ കമാൻഡോ വിഭാഗക്കാരെ ഒഴിവാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ഐ. ആർ. ബി. സ്കോർപ്പിയോൺസ് സേന</u>

3624 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസഹായത്തോടെ രൂപീകരിച്ച ഇന്ത്യൻ റിസർവ്വ് ബറ്റാലിയന്റെ (സ്കോർപ്പിയോൺസ്) അംഗബലം എത്രയാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സേനയ്ക്ക് നിഷ്ക്കർഷിച്ചിട്ടുള്ള സേവനങ്ങൾ എന്തെല്ലാം ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സേനയുടെയും കേരള പോലീസിന്റെയും ട്രെയിനിംഗ്, ഡ്യൂട്ടി, വേതനവ്യവസ്ഥകൾ എന്നിവയിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഐ. ആർ. ബി. സ്കോർപിയോൺസിന്റെ വേതനവ്യവസ്ഥകൾ സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ജി. ഒ.(എം.എസ്) 637/ഫിൻ. തീയതി 19.11.2012 പുറപ്പെടുവിച്ച ഉത്തരവിലെ ആനുകൂല്യങ്ങൾ ഐ. ആർ. ബി. (സ്കോർപിയോൺസിന്) ബാധകമാണോ; ഇല്ലെങ്കിൽ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സേനയ്ക്ക് റിസ്ക് അലവൻസ്, യൂണിഫോം അലവൻസ് എന്നിവ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് സ്വർണ്ണക്കടത്ത്

3625 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് സ്വർണ്ണക്കടത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷത്തിൽ ഇതുവരെ എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പിടിക്കപ്പെട്ട കേസ്സുകളിൽ സുരക്ഷാ ചുമതലയുള്ള എത്ര ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സർവ്വീസ് കാലയളവിൽ പല പ്രാവശ്യം നടപടിക്ക് വിധേയനായ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ വരെ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സ്വർണ്ണക്കടത്തു കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ</u>

3626 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കടത്തുകേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര പോലീസുദ്യോഗസ്ഥൻമാർക്കെതിരെ കേസെടുത്തു;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്; ഇനിയും എത്ര ഉദ്യോഗസ്ഥർ സംശയത്തിന്റെ നിഴലിലുണ്ട്;

(സി) ഉൾപ്പെട്ട മുഴുവൻ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയും നടപടികൾ സ്വീകരിക്കുന്നതിനായി വിശദമായ അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ</u>

3627 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയിതിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകളിൽ കുറ്റപത്രം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ തീവ്രവാദബന്ധം

3628 ശ്രീ. ഇ. പി. ജയരാജൻ
,, എളമരം കരീം
ഡോ. കെ. ടി. ജലീൽ
ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാറാത്ത് ആയുധ പരിശീലനത്തിനിടെ പിടിയിലായ പോപ്പുലർ ഫ്രണ്ടുകാരുടെ തീവ്രവാദബന്ധം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംഘടന സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോംബും വടിവാളും ഉൾപ്പെടെയുള്ള മാരകായുധങ്ങൾ ഉപയോഗിച്ച് രാജ്യദ്രോഹ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതായി അറിയാമോ ; എങ്കിൽ ഇതിന്മേൽ പോലീസ് നടപടികൾ ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് ബന്ധമുള്ള എത്ര കേസുകൾ ഇപ്പോഴും സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്നു ; എത്ര പേർ അറസ്റ്റ് ചെയ്യപ്പെടാൻ അവശേഷിക്കുന്നു; രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ ഇപ്പോഴും കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര; പ്രസ്തുത വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>മോഷണവും കവർച്ചയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ</u>

3629 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് മോഷണം, പിടിച്ചുപറി എന്നിവ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ അടച്ചിട്ട വീടുകളിലും, മറ്റുമായി നടത്തിയ കവർച്ചയുമായി ബന്ധപ്പെട്ട് ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സ്ത്രീകളുടെയും പെൺ കുട്ടികളുടെയും നേർക്കുണ്ടാകുന്ന പീഡനങ്ങൾ</u>

3630 ശ്രീ. ജി. സുധാകരൻ
ഡോ. കെ. ടി. ജലീൽ
ശ്രീമതി. കെ. കെ. ലതിക
,, കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും നേർക്ക് പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇപ്രകാരം എത്ര പീഡനങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ എത്ര കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(സി) സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുണ്ടാകുന്ന ലൈംഗിക പീഡനങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങൾ തടയുന്നതിലും നിയന്ത്രിക്കുന്നതിലും പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരായ അതിക്രമങ്ങൾ</u>

3631 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊച്ചുകുട്ടികളെ കാണാതാവുന്നതും കുട്ടികളെ പീഡിപ്പിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഇത്തരം സംഭവങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നത് വിശദമായി വ്യക്തമാക്കാമോ;

(സി) കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള നടപടികൾ എന്തെല്ലാം;

(ഡി) പോലീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ കണ്ടെത്തി എന്നത് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

3632 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുട്ടികൾക്കെതിരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കുട്ടികൾക്കെതിരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട പ്രസ്തുത കേസ്സുകളുടെ പ്രതിചേർക്കപ്പെട്ട എത്ര പേർക്ക് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും പ്രത്യേകമായി വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സ്ത്രീകളും കുട്ടികളും പ്രതികളാകുന്ന കുറ്റകൃത്യങ്ങൾ</u>

3633 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളും കുട്ടികളും പ്രതികളാകുന്ന കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സ്ത്രീകളും കുട്ടികളും കുറ്റവാളികളായിട്ടുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പ്രകടനവും പ്രതിഷേധവും നടത്തിയതിന് പ്രതിപക്ഷമുന്നണി പ്രവർത്തകർക്കെതിരെ എടുത്ത കേസുകൾ</u>

3634 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകടനം നടത്തിയതിനും, പ്രതിഷേധം രേഖപ്പെടുത്തിയതിനും നാളിതുവരെ സംസ്ഥാനത്താകെ എത്ര കേസുകൾ പ്രതിപക്ഷ മുന്നണി പ്രവർത്തകർക്കെതിരെ എടുത്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രതിപക്ഷ നിയമസഭാംഗങ്ങൾക്കും, ഇടതുമുന്നണി സംസ്ഥാന നേതാക്കൾക്കും എതിരായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

3635

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ രാഷ്ട്രീയ കൊലപാതകങ്ങളിൽ കൊല്ലപ്പെട്ടിട്ടുള്ളത് ആരെല്ലാമാണെന്നും ഇവരുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും ഇവരെ കൊല ചെയ്ത കേസ്സിലെ പ്രതികൾ ആരെല്ലാമാണെന്നും ഇവരുടെ രാഷ്ട്രീയബന്ധമെന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പൊതുസ്ഥലത്തെ പുകവലിയ്ക്കെതിരെയുള്ള നിയമ നടപടികൾ</u>

3636 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലത്ത് പുകവലിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഭാഗമായി 2011, 2012, 2013 വർഷങ്ങളിൽ എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നിയമനടപടികളുടെ ഭാഗമായി പുകവലിക്കാരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനത്തിന്റെ കുറവ് ഈ മൂന്നു വർഷം കൊണ്ട് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>പാമൊലിന്‍ അഴിമതി കേസ്</u>

3637 ശ്രീ. ബി. ഡി. ദേവസ്സി
,, എസ്. രാജേന്ദ്രന്‍
,, കെ. ദാസന്‍
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാമൊലിന്‍ അഴിമതി കേസ് പിന്‍വലിക്കാന്‍ സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി കോടതിയില്‍ അപേക്ഷ സമര്‍പ്പിക്കുകയുണ്ടായോ ;

(ബി) നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാട്ടിയ, പാമൊലിന്‍ ഇറക്കുമതി ഇടപാടിലെ ക്രമക്കേടുകള്‍ എന്തെല്ലാമായിരുന്നു ;

(സി) പ്രസ്തുത ഇടപാട് നടക്കുന്ന അവസരത്തിലെ മുഖ്യമന്ത്രിയും ധനമന്ത്രിയും ആരൊക്കെയായിരുന്നു ;

(ഡി) കേസില്‍ തുടര്‍ അന്വേഷണം നടത്താന്‍ ഉത്തരവിട്ട തിരുവനന്തപുരത്തെ വിജിലന്‍സ് കോടതി ജഡ്ജി പിന്നീട് സ്വയം ഒഴിവാകാനിടയായ സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; സുപ്രീംകോടതിയും, ഹൈക്കോടതിയും ഈ കേസിന്റെ വിചാരണ തുടരണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ;

(ഇ) അന്ന് ധനമന്ത്രിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിക്ക് ഈ കേസില്‍ പങ്കില്ലെന്ന അന്വേഷണ റിപ്പോര്‍ട്ട് കോടതിയ്ക്ക് നല്‍കിയ അന്വേഷണ ഉദ്യോഗസ്ഥര്‍ ആരെല്ലാമാണ്; അവര്‍ മുഖ്യമന്ത്രിയുടെ കീഴില്‍ പ്രവര്‍ത്തിക്കുന്നുണ്ടോ ;

(എഫ്) കേസ് ആകെ തന്നെ പിന്‍വലിക്കാന്‍ സര്‍ക്കാര്‍ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

T5/13238/12 തീയതി 07–09–2013
ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

3638 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവിയുടെ 07–09–2013–ലെ T5/13238/12- ഉത്തരവിൽ പറയുന്ന കുറ്റകൃത്യങ്ങളുടെ പേരിൽ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയതു സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എ. ഡി. ജി. പി ഇന്റലിജൻസിന്റെ കത്തിലെ വിവരങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക കുറ്റങ്ങളിൽ ഉൾപ്പെട്ടവർ</u>

3639 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ 07-09-2013-ലെ T5/13238/12 നമ്പർ ഉത്തരവിൽ സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവർ മന്ത്രിമാരുടെ ഓഫീസുകളിൽ കയറിയിറങ്ങി പുതിയ കുറ്റകൃത്യങ്ങളിൽ പങ്കാളികളായതായി പരാമർശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മന്ത്രിമാരുടെ ഓഫീസുകളിലാണ് പ്രസ്തുത പ്രതികൾ കയറിയിറങ്ങി പുതിയ കുറ്റകൃത്യങ്ങളിൽ പങ്കാളികളായതെന്നും അവർ ആരൊക്കെയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പൊന്നാനി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മനുഷ്യക്കടത്തു കേസ് അന്വേഷണം</u>

3640 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കയിൽ നിന്നുള്ള മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് പൊന്നാനി പോലീസ് സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത കേസ് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് വാഹനങ്ങളോ ബോട്ടുകളോ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; എങ്കിൽ അവ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

പന്തിരിക്കരയിൽ സ്കൂൾ വിദ്യാർത്ഥിനികൾ പീഡനത്തിനിരയായ കേസ്

3641 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ പന്തിരിക്കരയിൽ സ്കൂൾ വിദ്യാർത്ഥിനികൾ പീഡനത്തിനിരയായ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരാണെന്നും അന്വേഷണ സംഘത്തിൽ എത്ര പേരുണ്ടന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തെപ്പറ്റി ആരാണ് പരാതി നൽകിയതെന്നും ആർക്ക്, എപ്പോഴാണ് പരാതി നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) പരാതിയിൽ യഥാസമയം അന്വേഷണം നടത്താൻ പരാതി ലഭിച്ച ഉദ്യോഗസ്ഥൻ തയ്യാറായില്ല എന്ന് പരാതിയുണ്ടായിട്ടുണ്ടോ;

(ഇ) പ്രസ്തുത കേസിൽ ആരെയൊക്കെയാണ് ഇതുവരെ അറസ്റ്റ് ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(എഫ്) പീഡനത്തിനിരയായ കുട്ടികൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിലെ ആരാധനാലയങ്ങളിലെ കവർച്ചാശ്രമം</u>

3642 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര സെന്റ് ഗ്രീഗോറിയോസ് പള്ളി, നീർക്കുന്നം തേവരുനട ശങ്കരനാരായണക്ഷേത്രം, പുന്നപ്ര സുബ്രഹ്മണ്യക്ഷേത്രം തുടങ്ങിയ ആരാധനാലയങ്ങളിൽ നടന്ന മോഷണശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

താമരക്കുളം വി. വി. എച്ച്. എസ്. എസ് – ലെ വിദ്യാർത്ഥി സംഘട്ടനം

3643 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താമരക്കുളം വി. വി. എച്ച്. എസ്. എസ് ൽ 2013 ഒക്ടോബർ–നവംബർ മാസങ്ങളിൽ നടന്ന വിദ്യാർത്ഥി സംഘട്ടനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിലെ ലെവിൻ ദിവാകരൻ, സച്ചു എന്നീ വിദ്യാർത്ഥികളെ ആക്രമിച്ച കേസിലെ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എടുത്ത കേസുകളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇവർക്കെതിരെ പട്ടികജാതി പീഡന നിരോധന വകുപ്പ് പ്രകാരം കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ നോർത്ത് പോഞ്ഞാശേരി എൽ. പി. സ്കൂളിൽ നടന്ന സ്ഫോടനം</u>

3644 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നോർത്ത് പോഞ്ഞാശേരി എൽ. പി. സ്കൂളിൽ നടന്ന സ്ഫോടനത്തിന് ഉത്തരവാദികളായവരെ കണ്ടെത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഫോടനം നടത്തിയവരെ കണ്ടെത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ പരിസരത്ത് സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാടുന്നതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴയിൽ സ: പി. കൃഷ്ണപിള്ള സ്മാരകം ആക്രമിക്കപ്പെട്ട സംഭവം</u>

3645 ശ്രീ. ആർ രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ സ: പി. കൃഷ്ണപിള്ള സ്മാരകം ആക്രമിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അന്വേഷണ ചുമതല ആർക്കാണ്; അന്വേഷണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്രയുംപെട്ടന്ന് പ്രതികളെ പിടികൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രതികളെ പിടികൂടുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>രാമനിലയം കൂത്തമ്പലം തീപിടിച്ച് നശിച്ചത് സംബന്ധിച്ച കേസ്</u>

3646 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ രാമനിലയം കോമ്പൗണ്ടിൽ നിർമ്മാണത്തിലിരുന്ന കൂത്തമ്പലം തീപിടിച്ച് നശിച്ചത് സംബന്ധിച്ച കേസ് അന്വേഷണം എന്തായി എന്നറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു; ഇനി എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

താമരശ്ശേരി അക്രമ സംഭവം

3647 ശ്രീ. വി. എം. ഉമ്മൻ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകൾക്കെതിരെ നടന്ന സമരവുമായി ബന്ധപ്പെട്ട് താമരശ്ശേരിയിൽ നടന്ന അക്രമ സംഭവത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അക്രമവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) അക്രമത്തിന്റെ മറവിൽ നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ചങ്ങരകുളം, പെരുമ്പടവ്, പൊന്നാനി പോലീസ് സ്റ്റേഷനുകളിലെ കൊലപാതക പീഡനകേസുകൾ</u>

3648 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ചങ്ങരകുളം, പെരുമ്പടവ്, പൊന്നാനി പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൊലപാതകം,ദുരൂഹ മരണങ്ങൾ, സ്ത്രീ പീഡനം, ബാലപീഡനം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ എത്രയെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വിശദമാക്കാമോ;

(ബി) ഈ കേസുകളിലെ നിലവിലെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(സി) ഓരോ കേസും അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ പോലീസ് ഓഫീസറുടെ പേരും, ഉദ്യോഗപ്പേരും വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പിൻവലിക്കപ്പെട്ട പോലീസ് കേസ്സുകൾ</u>

3649 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പോലീസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) ഏറ്റവും കൂടുതൽ പോലീസ് കേസ്സുകൾ പിൻവലിച്ചത് ഏത് സ്റ്റേഷൻ പരിധിയിലാണെന്നും, കേസ്സുകളുടെ സ്വഭാവം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിലെ കള്ളനോട്ട് കേസുകൾ</u>

3650 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ കാസറഗോഡ് ജില്ലയിൽ കള്ളനോട്ടുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും കേസിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും, അന്വേഷണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

3651 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എവിടെയെല്ലാമാണ് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) നഗരൂരിൽ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

**റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷന്‍ രൂപീകരിക്കാന്‍ നടപടി**

3652 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്തനംതിട്ട ജില്ലയില്‍ എത്ര പോലീസ് സബ് ഡിവിഷനുകളാണുള്ളത്; ഓരോ സബ് ഡിവിഷനു കീഴിലും വരുന്ന പോലീസ് സ്റ്റേഷനുകള്‍ ഏതൊക്കെ;

(ബി) മലയോരമേഖലയില്‍പ്പെട്ട ഗവി, പമ്പാവാലി, കാസുമം, അട്ടത്തോട് തുടങ്ങിയ പ്രദേശങ്ങളില്‍ നിന്നും ശബരിമലയുമായി
ബന്ധപ്പെട്ട് ആളുകള്‍ക്ക് പലവിധ ആവശ്യങ്ങള്‍ക്ക് സബ് ഡിവിഷണല്‍ പോലീസ് ആസ്ഥാനത്ത് എത്തുന്നതിന് വളരെയധികം ദൂരം യാത്ര ചെയ്യേണ്ടിവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ഇത് പരിഹരിക്കുന്നതിനായി റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷന്‍ രൂപീകരിക്കാന്‍ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

3653 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകരയിൽ അഭ്യന്തരവകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് എത്രയും വേഗം തീരുമാനമെടുക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

റാന്നി പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം

3654 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷനുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്;

(ബി) എത്ര നാളുകൾ കൊണ്ട് കെട്ടിടനിർമ്മാണം പൂർത്തിയാക്കണമെന്നാണ് കരാർ ഉള്ളത്; ആരാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്;

(സി) കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ പൂർത്തീകരിക്കാനുള്ളത്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>തെന്മല പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം</u>

3655

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തെന്മല പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനുള്ള ഭരണാനുമതി നൽകുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് നിർവ്വഹണ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം ഏതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

ചാലക്കുടി പോലീസ് ക്വാർട്ടേഴ്സിലെ കുളത്തിന്റെ പുനരുദ്ധാരണം

3656 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലത്തുള്ള ജീർണ്ണാവസ്ഥയിലുള്ള കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിൽ പോലീസ് വകുപ്പ് തടയുകയും നിർമ്മാണം മുടങ്ങിക്കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

അരൂര്‍ പോലീസ് സ്റ്റേഷന്റെ കെട്ടിട നിര്‍മ്മാണം

3657 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ പോലീസ് സ്റ്റേഷന്‍ ഇപ്പോള്‍ ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവര്‍ത്തിക്കുന്നതെന്നും അത് എവിടെയാണെന്നും വ്യക്തമാക്കുമോ ;

(ബി) അരൂര്‍ പോലീസ് സ്റ്റേഷന്‍ നിര്‍മ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിടവിഭാഗം സമര്‍പ്പിച്ചിട്ടുള്ളത് ;

(സി) പോലീസ് സ്റ്റേഷന്‍ നിര്‍മ്മാണത്തിന് പഞ്ചായത്ത് അനുവദിച്ച സ്ഥലത്തിന് നീര്‍ത്തടസംരക്ഷണ നിയമപ്രകാരം അനുവാദം ലഭിച്ചിട്ടുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) പി.ഡബ്ള്യൂ.ഡി കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിടത്തിന് ഭരണാനുമതി നല്‍കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും സത്വര നടപടികള്‍ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പുഴക്കാട്ടിരി പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി</u>

3658 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി വളരെ വിസ്തൃതവും, അശാസ്ത്രീയ രീതിയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൊളത്തൂർ സ്റ്റേഷൻ വിഭജിച്ച് പുഴക്കാട്ടിരി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ നാല് പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം കൊളത്തൂര്‍ പോലീസ് സ്റ്റേഷന്‍ പരിധി നിര്‍ണ്ണയം</u>

3659 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം കോഡൂര്‍ പഞ്ചായത്തിലെ ഉമ്മത്തൂര്‍, പെരിങ്ങോട്ടുപുലം, പരുവമണ്ണ, മുണ്ടക്കോട് എന്നീ പ്രദേശങ്ങളെ കൊളത്തൂര്‍ പോലീസ് സ്റ്റേഷന്‍ പരിധിയില്‍ നിന്നും മലപ്പുറം പോലീസ് സ്റ്റേഷന്‍ പരിധിയിലാക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലുള്ള ഇതു സംബന്ധിച്ച ഫയലില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>കാസറഗോഡ് ആയിറ്റി തീരദേശ പോലീസ് സ്റ്റേഷന്‍</u>

3660 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസറഗോഡ് ജില്ലയിലെ ആയിറ്റി തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവര്‍ത്തനം ഇനിയും ആരംഭിക്കാന്‍ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്‍ എപ്പോള്‍ പ്രവര്‍ത്തനമാരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പോലീസ് വാഹനത്തിനു മുകളിൽ കയറി ഇരുന്നുള്ള രാഷ്ട്രീയ ജാഥകൾ</u>

3661 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് അകമ്പടിയോടുകൂടി പോലീസ് വാഹനത്തിനു മുകളിൽ കയറി ഇരുന്നു രാഷ്ട്രീയ ജാഥകൾ നടത്താൻ സംസ്ഥാനത്തെ നിലവിലുള്ള നിയമങ്ങൾ ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അനുമതി നിയമപ്രകാരമല്ലെങ്കിൽ കോൺഗ്രസ് വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് എന്നിവർ പോലീസ് വാഹനത്തിന് മുകളിൽ കയറിയിരുന്ന് കായംകുളം - പുനലൂർ പാതയിൽ ചാരുംമൂട് മുതൽ അടൂർ വരെ യാത്ര ചെയ്യുവാൻ അകമ്പടി സേവിച്ച പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും പോലീസ് വാഹനം ഏതാണെന്നും വ്യക്തമാക്കുമോ ;

(സി) ഇവരുടെ പ്രസ്തുത സവാരി പോലീസ് ആക്ട് 120(ബി) പ്രകാരവും മോട്ടോർ വാഹന നിയമം 123(2) പ്രകാരവും സംസ്ഥാന പൊതുമുതൽ നശീകരണം തടയൽ നിയമ പ്രകാരവും നിയമലംഘനമാണ് എന്നത് സർക്കാരിന്റെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതേ രീതിയിലുള്ള പ്രചരണ ജാഥകൾക്ക് മറ്റു യുവജന, രാഷ്ട്രീയ നേതാക്കൾക്കും അനുമതി നൽകുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് പോലസിന് ആരെല്ലാം പരാതികൾ നൽകി ; ഓരോ പരാതിയിൽമേലും ഏതു വകുപ്പുകൾ പ്രകാരം കേസ്സെടുത്തു എന്നും വ്യക്തമാക്കുമോ ;

(എഫ്) ഇതു സംബന്ധിച്ച് കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് ; കേസ്സ് നൽകിയവർ ആരെല്ലാമെന്ന് അറിയാമോ ; കേസ്സിലെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ ;

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

(ജി) ആഭ്യന്തര മന്ത്രിയുടെ അനുമതിയോടെയാണോ പ്രസ്തുത നിയമലംഘനം നടന്നത് ; വിശദമാക്കുമോ ;

(എച്ച്) പ്രസ്തുത ജാഥക്കെത്തിയ കേന്ദ്രമന്ത്രി ശ്രീ കൊടിക്കുന്നിൽ സുരേഷിന് പരിപാടിയ്ക്കിടെ ജാഥാംഗങ്ങളുടെ ചവിട്ടേറ്റ് പരിക്കേറ്റത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഐ) കേന്ദ്രമന്ത്രിയെ സ്വകാര്യ ചികിത്സാകേന്ദ്രത്തിൽ എത്തിച്ച സർക്കാർ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

എ. ഐ. സി.സി ഉപാദ്ധ്യക്ഷൻ ഏർപ്പെടുത്തിയ സുരക്ഷാ ക്രമീകരണം

3662 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. ഐ. സി.സി അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധിയ്ക്ക് സംസ്ഥാന സർക്കാർ ഏത് കാറ്റഗറിയിലുള്ള സുരക്ഷാ ക്രമീകരണമാണ് സംസ്ഥാനത്ത് വന്നപ്പോൾ നൽകിയത്; അദ്ദേഹത്തിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സുരക്ഷാ ക്രമീകരണങ്ങൾ എന്തെല്ലാമായിരുന്നു; സുരക്ഷിതമായ സുരക്ഷാ സംവിധാനമായിരുന്നുവോ ഏർപ്പെടുത്തിയത്; വിശദാംശം നൽകുമോ;

(ബി) ശ്രീ. രാഹുൽ ഗാന്ധി പോലീസ് ജീപ്പിന്റെ മുകളിൽ കയറിയത് സുരക്ഷയ്ക്ക് വേണ്ടിയാണെന്നും അദ്ദേഹത്തെ അനുഗമിക്കുന്ന കേന്ദ്ര സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തോടെയാണ് പോലീസ് ജീപ്പിന്റെ മുകളിൽ കയറാൻ ഇടയായ സാഹചര്യം ഉണ്ടായത് എന്നുമുള്ള സർക്കാരിന്റെ നിലപാട് ഏത് ചട്ടപ്രകാരമുള്ളതാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള ഒരു സംഭവം സംസ്ഥാനത്തെ പോലീസ് ഡിപ്പാർട്ട്മെന്റിൽ മുമ്പ് ഉണ്ടായിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>ട്രാഫിക് പോലീസ് സ്റ്റേഷനുകൾ</u>

3663 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ ആസ്ഥാനങ്ങളിൽ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ഇല്ലാത്ത ജില്ലകളിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ആലത്തൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ</u>

3664 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഡി.വൈ.എസ്.പി/സി.ഐ ഓഫീസ് എന്നിവയോടു ചേർന്ന് പ്രത്യേക ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ദേശീയ പാതയുടെയും, പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും ശോച്യാവസ്ഥ, വാഹനങ്ങളുടെ പെരുപ്പം തുടങ്ങി നിരവധി കാരണങ്ങളാൽ ഈ ഭാഗത്ത് ട്രാഫിക് കുറ്റകൃത്യങ്ങൾ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2013 വർഷത്തിൽ ആലത്തൂർ സർക്കിൾ പരിധിയിൽ എത്ര ട്രാഫിക് കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര എണ്ണം കോടതി പരിഗണിച്ചു; എന്ത് തുക പിഴ ഇനത്തിൽ ഈടാക്കി?

(ഡി) ആലത്തൂർ നഗരത്തിൽ കൃത്യമായ ട്രാഫിക് സംവിധാനം ഇല്ലാത്തതുകൊണ്ട് സ്ഥിരമായി വാഹനക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള പോലീസ് അക്രമങ്ങൾ</u>

3665 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസുദ്യോഗസ്ഥൻമാർ സ്ത്രീകളെയും കുട്ടികളെയും ആക്രമിക്കുകയും, അപമാനിക്കുകയും ചെയ്ത എത്ര സംഭവങ്ങൾ 2011 മുതൽ 2013 വരെ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സംഭവങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര പേർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വിവിധ കേസുകളിൽ ശിക്ഷിക്കപ്പെട്ട പോലീസുദ്യോഗസ്ഥർ</u>

3666 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ കേസുകളിൽപെട്ട് എത്ര പോലീസുദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടു;

(ബി) ശിക്ഷിക്കപ്പെട്ടവരുടെ വിശദാംശം നൽകാമോ;

(സി) എത്ര പോലീസുകാർക്കെതിരെ കേസെടുത്തു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 30.01.2014–ലെ മറുപടിക്ക്

**ലോക്കപ്പ് മർദ്ദനങ്ങളും മരണങ്ങളും**

3667 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ്മാസം മുതൽ നാളിതുവരെയായി എത്ര ലോക്കപ്പ് മരണങ്ങൾ നടന്നിട്ടുണ്ട്;

(ബി) 2011 മെയ്മാസം മുതൽ നാളിതുവരെയായി നടന്ന ലോക്കപ്പ് മർദ്ദനങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) 2011 മെയ്മാസം മുതൽ നാളിതുവരെയായി നടന്ന ലോക്കപ്പ് മരണങ്ങളിൽ എത്ര പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ മരണപ്പെട്ടിട്ടുണ്ട്;

(ഡി) 2011 മെയ് മാസം മുതൽ നാളിതുവരെയായി നടന്ന ലോക്കപ്പ് മർദ്ദനങ്ങളിൽ എത്ര കേസ്സുകൾ പട്ടിക ജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്കുനേരെ നടന്ന മർദ്ദനങ്ങളുമായി ബന്ധപ്പെട്ടുളളതാണെന്നു വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് നരിപ്പറ്റയിൽ അനൂപിന്റെ മരണം</u>

3668 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട നരിപ്പറ്റയിൽ അനൂപ് എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസിന്റെ പ്രാഥമികാന്വേഷണത്തിലും പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും കണ്ടെത്തിയിട്ടുള്ള മരണകാരണം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ചിതറ വണ്ടികിടക്കുംപൊയ്ക ശ്രീ. വിജയൻ നൽകിയ പരാതി</u>

3669 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിതറ പഞ്ചായത്തിൽ മാങ്കോട് വില്ലേജിൽ വണ്ടികിടക്കുംപൊയ്ക, പുതുവൽവിളവീട്ടിൽ ശ്രീ. വിജയൻ, അദ്ദേഹത്തിന്റെ ഭാര്യ ആത്മഹത്യചെയ്തതുമായി ബന്ധപ്പെട്ട് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ ആരുടെയൊക്കെ പേരുകളാണ് മരണത്തിനുത്തരവാദികളായി പരാമർശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മരണപ്പെട്ട ഷീജയുടെ സ്വർണ്ണാഭരണങ്ങളും പണവും, കവർന്നെടുക്കുകയും, വീട്ടിൽക്കയറി ഭർത്താവിന്റെയും മക്കളുടെയും സാന്നിദ്ധ്യത്തിൽ ബലാത്സംഗത്തിന് ശ്രമിക്കുകയും ചെയ്തതായി പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് ഈ കൃത്യം ചെയ്തതെന്ന് പോലീസ് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഈ കേസിൽ ആരെയെങ്കിലും ചോദ്യം ചെയ്യുകയോ അറസ്റ്റ് ചെയ്യുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ നാളിതുവരെ പോലീസ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) ലോക്കൽ പോലീസ് കേസന്വേഷണത്തിൽ ഗുരുതരമായ അനാസ്ഥ കാണിച്ചതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ആംഡ് റിസർവ്വിലെ കമാൻഡന്റുമാരുടെ പ്രൊമോഷൻ

3670 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആംഡ് റിസർവ്വിലെ എത്ര അസിസ്റ്റന്റ് കമാൻഡന്റുമാർക്ക് ഇപ്പോൾ പണിഷ്മെന്റ് റോൾ നിലവിൽ ഉണ്ട്; ഇത് ആർക്കൊക്കെയാണെന്നും ഏത് രീതിയിലുള്ള പണിഷ്മെന്റ് റോൾ ആണെന്നും വിശദമായി വ്യക്തമാക്കാമോ;

(ബി) ജില്ലാ ആംഡ് റിസർവ്വിലെ ഒഴിഞ്ഞു കിടക്കുന്ന കമാൻഡന്റ്, ഡെപ്യൂട്ടി കമാൻഡന്റ് തസ്തികകളിൽ നിയമനം നടത്താതെ പ്രമോഷൻ നടപടികൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സർക്കിൾ ഇൻസ്പെക്ടർമാർക്കുള്ള ഓഫ് ഡേ അലവൻസ്</u>

3671 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഓഫ് ഡേ അലവൻസ് അനുവദിച്ചിട്ടുണ്ടോ;

(ബി) അനുവദിച്ചിട്ടുണ്ടെങ്കിൽ ഓഫ് ഡേ അലവൻസ് മുടക്കം കൂടാതെ നല്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് മാസം വരെ ഓഫ് ഡേ അലവൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാം കൃത്യമായി നല്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർ (എക്സിക്യൂട്ടീവ് ബ്രാഞ്ച്) ഒഴിവുകളിലെ നിയമനത്തിന് നടപടി</u>

3672 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്) മാരുടെ എത്ര തസ്തികകളാണുള്ളതെന്ന് വിശദമാക്കാമോ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തേണ്ട രീതി സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിലെ ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ട് ചെയ്തവയിൽ എത്ര പേരുടെ നിയമന ശുപാർശ
പി.എസ്.സി യിൽ നിന്നും സർക്കാരിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

ആംഡ് പോലീസ് ബറ്റാലിയനിൽ ഓഫീസർ നിയമനം

3673

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിനു കീഴിലുള്ള ആംഡ് പോലീസ് ബറ്റാലിയനിൽ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയവരിൽ പി.എസ്.സി. മുഖേന നിയമിക്കപ്പെട്ട പോലീസുകാരിൽ എത്ര ശതമാനം പേർ ഉണ്ട്;

(ബി) സ്പോർട്സ് ക്വാട്ട മുഖേന നിയമനം ലഭിച്ചവർ എത്ര പേർ ഉണ്ട്;

(സി) പ്രസ്തുത രണ്ട് വിഭാഗത്തിൽ നിന്നും ഓഫീസർ തസ്തികയിൽ നിയമനം നൽകിയപ്പോൾ അനുപാതം കൃത്യമായി പാലിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അനുപാതം എത്ര; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>റാന്നി പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രാഫിക് പോലീസ് വിംഗ്</u>

3674

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ, ഹൗസ് ഓഫീസറടക്കം അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാമെന്നും, അതിൽ ഒഴിവുള്ളത് ഏതെല്ലാം തസ്തികകളിൽ എന്നും വ്യക്തമാക്കാമോ;

(ബി) റാന്നി ടൗണിൽ അനുഭവപ്പെട്ടുവരുന്ന വർദ്ധിച്ച ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി താലൂക്ക് ട്രാഫിക് പരിഷ്ക്കരണ സമിതിയും, താലൂക്ക് വികസന സമിതിയും ഏർപ്പെടുത്തിയ ഗതാഗത പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് മതിയായ തരത്തിൽ പോലീസ് ഉദ്യോഗസ്ഥരെ ലഭ്യമാക്കിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശബരിമലയുടെ താലൂക്കാസ്ഥാനമായ റാന്നി ടൗണിലും മറ്റും ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ആരംഭിച്ച വൺവേ ട്രാഫിക് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിന് റാന്നി പോലീസ് സ്റ്റേഷനിൽ പ്രത്യേകമായി ഒരു ട്രാഫിക് പോലീസ് വിംഗ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ പോലീസ് ചീഫ്</u>
<u>ഫോൺ എടുക്കുന്നില്ല എന്ന പരാതി</u>

3675 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ പോലീസ് ചീഫ് ഫോൺ വിളിച്ചാൽ എടുക്കില്ലെന്നുള്ള മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും ജനപ്രതിനിധികളോ രാഷ്ട്രീയ പാർട്ടികളോ, വാക്കാലോ രേഖാമൂലമോ പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

## വനിതാ കമ്മീഷനിൽ ജോലി ചെയ്തിരുന്ന സർക്കിൾ ഇൻസ്പെക്ടർക്കെതിരെയുള്ള പരാതിയിന്മേലുള്ള അന്വേഷണം

3676 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-ൽ വനിതാ കമ്മീഷനിൽ ജോലി ചെയ്തിരുന്ന സർക്കിൾ ഇൻസ്പെക്ടറെ ഏതെങ്കിലും സ്ത്രീയുടെ പരാതിയിന്മേൽ സസ്പെന്റ് ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട ഈ ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) എ.ഡി.ജി.പി.മാരുടെ കമ്മിറ്റി പ്രസ്തുത ഉദ്യോഗസ്ഥനെ പിരിച്ചുവിടാൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അന്വേഷണം നടക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് ഏതാണെന്ന് വ്യക്തമാക്കുമോ ;

(ജി) സ്ത്രീകൾക്കെതിരെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഈ ഉദ്യോഗസ്ഥനെ തലസ്ഥാനനഗരിയിൽതന്നെ ഇപ്പോൾ നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ പോലീസ് ഓഫീസുകളിലെ ഡ്രൈവർമാരുടെ നിയമനം</u>

3677 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പോലീസ് ഓഫീസുകളിലെ ഡ്രൈവർമാരുടെ അംഗബലം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിക്കിടെ ഉണ്ടായ ഗുണ്ടാ–മാഫിയാ ആക്രമണങ്ങൾ</u>

3678 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിക്കിടെ ഗുണ്ടാ–മാഫിയാ സംഘങ്ങളുടെ ആക്രമണം ഉണ്ടായെന്ന് വെളിപ്പെടുത്താമോ ; ഓരോ കേസിന്റെയും വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ആക്രമണങ്ങളിൽ എത്ര ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരം കേസുകളിൽ ഇനിയും എത്ര പ്രതികളെ പിടികൂടാനുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പൈലറ്റ് വാഹനങ്ങൾ</u>

3679 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കേരളാ പോലീസിനായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ആയതിന് എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിനുള്ളിൽ എത്ര പോലീസ് വാഹനങ്ങൾ ലേലം നടത്തി; ആയതുവഴി എന്ത് തുക സർക്കാർ ഖജനാവിൽ അടച്ചു;

(സി) നിലവിൽ എത്ര പോലീസ് വാഹനങ്ങൾ ഉപയോഗശൂന്യമായി കിടപ്പുണ്ട്;

(ഡി) മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാരുടെ പൈലറ്റായി പോലീസ് വകുപ്പ് എത്ര വാഹനങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നു; അതിൽ ഏറ്റവും കൂടുതൽ പൈലറ്റ് വാഹനം ഉപയോഗിക്കുന്ന മന്ത്രി ആരെന്ന് കൂടി വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന മന്ത്രിസഭയിൽ പൈലറ്റായി പോലീസ് വാഹനം ഉപയോഗിക്കാത്ത മന്ത്രി ആരെങ്കിലും ഉണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ, മറ്റ് പ്രമുഖവ്യക്തികൾ ഇവർ ആരെങ്കിലും പൈലറ്റായി പോലീസ് വാഹനം ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ അവർ ആരെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഹോം ഗാർഡുകളുടെ സേവന കാലയളവ് ഉയർത്താൻ നടപടി

3680 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിമുക്തഭടൻമാരായ ഹോംഗാർഡുകളുട സേവന കാലം 60 വയസ്സുവരെയാക്കുവാൻ അനുവാദം നൽകുമോ;

(ബി) ഹോം ഗാർഡുകൾക്ക് ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഹോംഗാർഡുകളിൽ വിദഗ്ദ്ധരും ലൈസൻസ് ഉള്ളവരുമായ വരുടെ സേവനം ഉപയോഗപ്പെടുത്തുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി</u>

3681 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന മുൻഗണനാ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയ സ്കൂളുകളുടെ പേരുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ അപേക്ഷിക്കുന്ന സ്കൂളുകളിൽ, വിദ്യാർത്ഥികളുടെ എണ്ണം കൂടുതലുള്ള സ്കൂളുകൾക്ക് മുൻഗണന നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>അഗ്നിശമന സേനയെ പരിഷ്ക്കരിക്കുന്നതിന് നടപടി</u>

3682 ശ്രീ. കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയുടെ ഘടനയും രൂപകൽപ്പനയും പരിഷ്ക്കരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പൊതുവഴി തടയുന്ന ഫയർ സ്റ്റേഷൻ ജീവനക്കാർ</u>

3683 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പൂവമ്പാറയിൽ പഴയ എൻ.എച്ചിനോട് ചേർന്ന് പുതുതായി നിർമ്മിച്ച ഫയർസ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് ശേഷം അതുവഴിയുള്ള പൊതുജനത്തിന്റെ സഞ്ചാരമാർഗ്ഗം ഫയർഫോഴ്സ് ജീവനക്കാർ തടയുന്നതും തുടർച്ചയായി സംഘർഷത്തിന് ഇടവരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തടിസ്ഥാനത്തിലാണ് ഫയർഫോഴ്സ് ജീവനക്കാർ പൊതുജനങ്ങളെ തടയുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ബുദ്ധിമുട്ടുണ്ടാക്കുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എം.എൽ.എ.യും പൊതുജനങ്ങളും ഫയർ & റെസ്ക്യൂ സർവ്വീസസ് കമാണ്ടന്റ് ജനറലിന് നൽകിയ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി ഫയർ & റസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം</u>

3684 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ പഴക്കം ചെന്ന വാഹനങ്ങളും ഉപകരണങ്ങളും മാറ്റി പുതിയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ഫയർ എഞ്ചിനുള്ളിൽ വെള്ളം നിറയ്ക്കുന്നതിനാവശ്യമായ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് പുതിയ ഫയര്‍ & റസ്ക്യൂ സ്റ്റേഷനുകള്‍</u>

3685 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തില്‍ വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയര്‍ & റെസ്ക്യൂ സ്റ്റേഷന്‍ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇതിനായി സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ:

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം എത്ര ഫയര്‍ & റെസ്ക്യൂ സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) പുതുതായി അനുവദിച്ച ഫയര്‍ & റെസ്ക്യൂ സ്റ്റേഷനുകളുടെ പട്ടികയും ആരംഭിച്ച തീയതിയും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 30.01.2014–ലെ മറുപടിക്ക്

നാട്ടികയിൽ പുതിയ ഫയർ & റെസ്ക്യു സ്റ്റേഷൻ

3686 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടികയിൽ ഫയർ & റസ്ക്യു സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി റവന്യു വകുപ്പ് സ്ഥലം അനുവദിച്ചത് അറിയാമോ; നാട്ടിക വില്ലേജിൽ അനുവദിക്കപ്പെട്ട സ്ഥലം ഫയർ & റസ്ക്യൂ വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറ്റം ചെയ്തു ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2 കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നല്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കുന്നംകുളം ഫയർ & റസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം</u>

3687 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സേവനം ലഭ്യമാക്കുന്നതിനായി 2013 വർഷത്തിൽ എത്ര കോളുകൾ വന്നിട്ടുണ്ട് ;

(ബി) ഇതിൽ വാഹന അപകടങ്ങൾ, പ്രകൃതിക്ഷോഭംമൂലമുള്ളവ എന്നിവയ്ക്കായി എത്ര കോളുകൾ ഉണ്ട് ;

(സി) കൂടുതൽ വേഗത്തിൽ മെച്ചപ്പെട്ടസേവനം ലഭ്യമാക്കാൻ സഹായകരമാകുന്ന എമർജൻസി റെസ്ക്യൂ വെഹിക്കിൾ കുന്നംകുളം ഫയർ സ്റ്റേഷന് അനുവദിച്ചു നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിൽ പുതിയ ഫയർ സ്റ്റേഷൻ</u>

3688 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ തുടങ്ങണമെന്ന നിർദ്ദേശം എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

**ഫയർ & റസ്ക്യൂ വകുപ്പിലെ ട്രെയിനീസിന്റെ ആനുകൂല്യങ്ങൾ**

3689 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ & റസ്ക്യൂ വകുപ്പിന് കീഴിൽ വിവിധ തസ്തികകളിൽ ട്രെയിനിയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിലവിൽ ട്രെയിനിയായിട്ടുള്ളവർക്ക് പ്രസ്തുത ഉത്തരവിന്
വിരുദ്ധമായി അടിസ്ഥാന ശമ്പളം മാത്രമാണ് നൽകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് മുഴുവൻ ആനുകൂല്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

3690 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുൾപ്പെടെ ഏതൊക്കെ മന്ത്രിമാരുടെ പേരിൽ എത്ര വീതം വിജിലൻസ് കേസുകൾ നിലവിലുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ഈ കേസുകളിൽ ഏതൊക്കെ സർക്കാർ നേരിട്ടും, കോടതികൾ മുഖേനയും അന്തിമതീർപ്പുകൽപ്പിച്ചുവെന്നും, ഏതൊക്കെ കേസുകൾ തീർപ്പുകൽപ്പിക്കാതെ നിലവിലുണ്ടെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിജിലൻസ് കേസുകൾ സർക്കാർ നേരിട്ട് തീർപ്പുകൽപ്പിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതൊക്കെ കേസുകളാണ് പിൻവലിച്ചതെന്നും തീർപ്പുകൽപ്പിച്ചതെന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

## വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ

3691 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ വകുപ്പ് എന്നു മുതലാണ് പ്രത്യേക വിഭാഗമായി പ്രവർത്തിച്ചു തുടങ്ങിയത് ; പ്രസ്തുത വകുപ്പ് ഇപ്പോൾ സുവർണ്ണജൂബിലി ഘട്ടത്തിലാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ വിജിലൻസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്ര ; ഇതിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; വിശദമാക്കുമോ ;

(സി) എത്ര പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസ്സുകളിൽ പ്രതികളായിട്ടുണ്ട് ; അവർ ആരെല്ലാമെന്ന് പദവി ഉൾപ്പെടെ വ്യക്തമാക്കുമോ ;

(ഡി) പ്രതിവർഷം ശരാശരി എത്ര വിജിലൻസ് കേസ്സുകളിൽ നടപടികൾ പൂർത്തിയാക്കാനാകുന്നു ; പ്രതിവർഷം ശരാശരി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നു ; വ്യത്യാസം വ്യക്തമാക്കുമോ ;

(ഇ) എത്ര സംസ്ഥാന മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നു ; അവർ ആരെല്ലാം ;

(എഫ്) വിജിലൻസ് വകുപ്പിന് നിയമപരമായ അടിത്തറയില്ലാത്തതിനാൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ അന്വേഷണം ഫലപ്രദമാകാത്തത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ഫലവത്താക്കാൻ അടിയന്തിര നിയമനിർമ്മാണത്തിനും എല്ലാ ജില്ലകളിലും വിജിലൻസ് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന്

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

വ്യക്തമാക്കുമോ ?

<u>സർക്കാർ ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ</u>

3692 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം നാളിതുവരെ എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്രയെണ്ണത്തിൽ ചാർജ്ജ്ഷീറ്റ് നൽകിയിട്ടുണ്ട്;

(സി) 2011 മെയ് മാസത്തിനുശേഷം നാളിതുവരെ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നിലവിലുണ്ടായിരുന്നതും നടന്നുവരുന്നതുമായ എത്ര വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്; ഏതെല്ലാം കേസ്സുകളാണു പിൻവലിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 30.01.2014–ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡ്ഡിലെ വിജിലൻസ് റെയ്ഡ്</u>

3693 ശ്രീമതി അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ്ഡിൽ നടന്ന വിജിലൻസ് റെയ്ഡിൽ ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിജിലൻസ് റെയ്ഡിന്റെ തുടർനീക്കങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) പ്രസ്തുത സ്റ്റേ നടപടി നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ആയതിൽ എന്ത് ഉത്തരവാണ് ഉണ്ടായിട്ടുള്ളത് ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>തടവുകാരുടെ വരുമാന മാർഗ്ഗം</u>

3694 ശ്രീ. പാലോട് രവി
'' അൻവർ സാദത്ത്
'' എം. പി. വിൻസെന്റ്
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) തടവുകാർക്ക് ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തടവുകാർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾ ജയിലുകളിൽ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ജയിലുകളിലെ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം</u>

3695 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് സൗരോർജ്ജ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആരെല്ലാമാണ് പ്രസ്തുത പദ്ധതികൾക്കായി സാങ്കേതിക സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതൊക്കെ ജയിലുകളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ജയിലുകളിലെ ഭക്ഷണനിർമ്മാണ യൂണിറ്റുകൾ</u>

3696

ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകുന്നതിന് സംസ്ഥാനത്തെ ജയിലുകളിൽ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ ജയിലുകളിലാണ് ഇത്തരം യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം:

(സി) പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ എന്തെല്ലാം ഭക്ഷണസാധനങ്ങളാണ് വിതരണം ചെയ്തുവരുന്നത്; വിശദമാക്കുമോ;

(ഡി) തടവുകാർക്കും സർക്കാരിനും ഇതുവഴി ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

സബ് ജയിലുകളിലെ ആദിവാസി വിചാരണതടവുകാരുടെ മോചനം

T.3697 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് ജയിലുകളിൽ ജാമ്യമെടുക്കാൻ കഴിയാതെ വിചാരണത്തടവുകാരായി ആദിവാസികൾ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോപിക്കപ്പെട്ട കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടാൽ തന്നെ ലഭിക്കാവുന്ന പരമാവധിശിക്ഷാ കാലാവധി കഴിഞ്ഞവരാണ് മോചിപ്പിക്കപ്പെടാതെ കിടക്കുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) വിവിധ സബ് ജയിലുകളിലായി ജാമ്യമെടുക്കാൻ ആരുമില്ലാതെ വിചാരണതടവുകാരായി കഴിയുന്ന എത്ര ആദിവാസികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പെറ്റിക്കേസുകളിൽ പെട്ടവരും, ജാമ്യമെടുക്കുന്നതിനെക്കുറിച്ച് അറിവില്ലാത്തവരുമായ ആദിവാസി വിഭാഗത്തിലുള്ളവരെ വിട്ടയക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ജയിലിലെ എസ്.സി. എസ്.ടി വിഭാഗം തടവുകാർ

3698 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ശിക്ഷ അനുഭവിക്കുന്നവരും വിചാണ നേരിടുന്നവരുമായ തടവുകാരിൽ എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ട എത്ര പേർ ഉണ്ടെന്ന് ജയിൽ തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ വനിതകൾ ഉണ്ടോ; എങ്കിൽ എത്രപേർ ;

(ബി) നിയമസഹായം ലഭിക്കാതെ ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നവർ ഇവരിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശിക്ഷിക്കപ്പെട്ടവർക്ക് ജാമ്യം ലഭിക്കാനോ അപ്പീൽ പോകാനോ ഉള്ള നിയമസഹായം ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നിയമസഹായം നൽകാൻ നിലവിൽ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിചാരണതടവുകാരായ എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ടവരിൽ നിയമസഹായം ലഭിക്കാതെ കഴിയുന്നവരുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നിയമസഹായം നല്കാൻ നിലവിൽ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ജയിൽ തടവുകാരുടെ അപ്പീലുകളിന്മേൽ സത്വര നടപടി</u>

3699 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ ജയിലുകളിൽ ശിക്ഷിക്കപ്പെട്ടു കഴിയുന്നവരിൽ എത്രപേർ മേൽകോടതികളിൽ അപ്പീലിന് അപേക്ഷ നൽകിയിട്ടുണ്ട് എന്നു പറയാമോ ; ഇവരുടെ അപ്പീൽ അപേക്ഷകൾ പരിഗണിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നു പറയാമോ ; ഇപ്രകാരം അപ്പീൽ പരിഗണിക്കാൻ വൈകുന്നത് മനുഷ്യാവകാശലംഘനമായി ബോധ്യപ്പെട്ടിട്ടുണ്ടോ; അപ്പീൽ തടവുകാരുടെ കേസിൽ വിചാരണ നേരത്തെയാക്കാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ചീമേനി തുറന്ന ജയിൽ

3700 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർകോഡ് ജില്ലയിലെ ചീമേനി തുറന്ന ജയിലിൽ പ്രവർത്തിക്കുന്ന ഭക്ഷണനിർമ്മാണ യൂണിറ്റിൽ നിന്ന് എത്ര കോടി രൂപയുടെ വരുമാനമുണ്ട്; ഇതിൽ നിന്നും തടവുകാർക്ക് ആവശ്യമായ ലൈബ്രറി, ടി.വി സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?